ISSN:2582-550X

ഇശൽ പൈതൃകം
ത്രൈമാസിക
ലക്കം 29
2022 ജൂൺ
പകർപ്പാവകാശം: പ്രസാധകർക്ക്
വില: Rs. 300/-

ചീഫ് എഡിറ്റർ
ഡോ. ഹുസൈൻ രണ്ടത്താണി

എഡിറ്റർ
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

അസോസിയേറ്റ് എഡിറ്റർ
ഡോ. അനീസ് ആലങ്ങാടൻ

കോ-ഓഡിനേറ്റിംഗ് എഡിറ്റർ
ഡോ. കെ.കെ മുഹമ്മദ് അബ്ദുൽ സത്താർ

എഡിറ്റോറിയൽ ബോർഡ്
ഫൈസൽ എളേറ്റിൽ
റസാഖ് പയമ്പ്രോട്ട്
എം.എൻ. കാരശ്ശേരി
കാനേഷ് പൂനൂർ
സൈദലവി ചീരങ്ങോട്ട്

മാനേജിംഗ് കമ്മിറ്റി
ടി.കെ. ഹംസ
കെ.എ ജബ്ബാർ
പുലിക്കോട്ടിൽ ഹൈദരലി
കെ.വി. അബൂട്ടി
കെ.പി. സന്തോഷ്
ബഷീർ ചുങ്കത്തറ
വി.എം. ഫിറോസുദ്ദീൻ

പ്രസാധകർ
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി - 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടെതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC Listed
Quarterly
Bilingual
Issue- 29
June 2022
all rights reserved

Price : Rs.300/-

**Editor:**
Dr. Shamshad hussain. KT

Printed @ Aone offse

Ramanattukara

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

ISSN:2582-550X

## ഉള്ളടക്കം


പാരിസ്ഥിതിക വിവേകം — 03
*ഡോ. ഷംഷാദ് ഹുസൈൻ കെ.ടി*

സ്വത്വവും ചരിത്രവും: കൊടുവള്ളി അബ്ദുൾഖാദറിന്റെ ചുവന്ന തിരമാലകൾ, പന്താരങ്ങാടി എന്നീ നോവലുകളെ മുൻനിർത്തിയുള്ള വായന — 09
*ഡോ.ജി. ഉഷാകുമാരി*

കാവി: ആത്മന്റെയും ആത്മകഥയുടെയും പ്രതിവ്യവഹാരം — 22
*നൗഷാദ് എസ്*

നിസാഉൽ ഇസ്ലാം: അറബിമലയാള വനിതാ മാസികയും മുസ്ലിം സ്ത്രീസ്വത്വ നിർമ്മിതിയും — 34
*മുഹമ്മദ് ബഷീർ കെ.കെ*

സത്യമാർഗാന്വേഷകൻ അവിടുന്നല്ലാതാരുണ്ട് — 49
*സജിത കിഴിനിപ്പുറത്ത്*

ദലിത് ആത്മാഖ്യാനങ്ങൾ: സാമൂഹികതയും വ്യവഹാരവും — 62
*രവി. കെ.പി*

ചരിത്രവിനിമയം ബോണി തോമസിന്റെ കഥകളിൽ — 79
*രമ്യാമോൾ ജി*
*ഡോ. ബെന്നിച്ചൻ സ്കറിയ*

കേരള മുസ്ലീം ഐക്യസംഘം: നവോത്ഥാനത്തോടുള്ള സംവാദങ്ങൾ — 87
*അഞ്ജലി മോഹൻ. എം.ആർ*

മലയാളസിനിമയിലെ മോയിൻകുട്ടിവൈദ്യരുടെ മാപ്പിളപ്പാട്ട് ഇശലുകൾ — 84
*മുഹമ്മദ്റാഫി എൻ വി*

ISSN:2582-59[illegible]

# മലയാളസിനിമയിലെ മോയിൻകുട്ടിവൈദ്യരുടെ മാപ്പിളപ്പാട്ട് ഇശലുകൾ

മുഹമ്മദ്റാഫി എൻ വി

മലയാള സിനിമയിൽ എടുത്തുചേർത്തതും സിനിമക്കുവേണ്ടി എഴുതപ്പെട്ടതുമായ മാപ്പിളപ്പാട്ടുസാഹിത്യവും അതിന്റെ ഇശലുകളും കുറെ അധികമുണ്ട്. കേരളദേശീയതയിലെ നവോത്ഥാനസങ്കൽപ്പങ്ങൾ മുസ്ലിം ജീവിതത്തെ ഉൾകൊണ്ടതിന്റെ സൂചനകളും മോയിൻകുട്ടി വൈദ്യരുടെ ഇശലുകൾ വന്ന മലയാള ചലച്ചിത്രഗാനങ്ങളും വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

മലയാള സിനിമയുടെ ചരിത്രത്തിൽ മാപ്പിളപ്പാട്ട് ജനുസ്സിലുള്ള ഒരു പക്ഷെ ആദ്യത്തെ ചലച്ചിത്രഗാനം നീലക്കുയിൽ എന്ന സിനിമയിൽ ആയിരിക്കണം വന്നത്. പി ഭാസ്കരൻ എഴുതി കെ രാഘവൻ ഈണമിട്ട് പാടിയ  കായലരികത്ത് വലയെറിഞ്ഞപ്പോൾ/ വള കിലുക്കിയ സുന്ദരീ എന്ന പാട്ട് പൂർണമായ അർത്ഥത്തിൽ ലക്ഷണമൊത്ത ഒരു മാപ്പിളപ്പാട്ടൊന്നുമല്ലെങ്കിലും 1954-ൽ പുറത്തുവന്ന നീലക്കുയിൽ ഒരു പക്ഷെ ആദിമധ്യാന്തപ്പൊരുത്തവും ആധുനികമായ ഫിക്ഷൻ ഫീച്ചർസ്വഭാവവും ഒക്കെ പുലർത്തുന്ന ആദ്യ മലയാളസിനിമയാണ്. അത് കൊണ്ട്തന്നെ അതിൽ വന്ന മുസ്ലിം ജീവിതവും ആ പരിസരത്തെ സംഗീതവും അന്യന്റെ ജീവിതത്തിന്റെ ഭാഗമായ സിനിമയിലും കുടിയേറി എന്ന കാര്യത്തിന് പ്രസക്തിയേറെയാണ്.

ഏതാണ്ട് മുസ്ലിം ജനസംഖ്യയോടടുത്തു തന്നെ ഉള്ള ക്രൃസ്ത്യൻ ജീവിതപരിസരത്തെയും ജീവിതത്തെയും മലയാള സിനിമ ഇതുംകഴിഞ്ഞ് വളരെ പിൽക്കാലത്താണ് അഭിമുഖീ

കരിക്കാൻ തയ്യാറായത് എന്നും ഓർക്കുക. ഖൽബ്, ഹൂറി തുടങ്ങി ഇതിലേക്ക് പ്രവേശം കിട്ടിയ പല പദങ്ങളും അറബിമലയാളത്തിലും മുസ്ലിംജീവിതപരിസരങ്ങളിലും ഉപയോഗിച്ചിരുന്നവയായിരുന്നു. അതുവരെയും അതിനുശേഷവും ഒട്ടൊക്കെ സംസ്കൃതീകൃതവും സവർണ്ണജീവിതപരിസരത്ത് ചുറ്റിക്കറങ്ങിയതുമായ ഏട്ടിലെ പശുവായിരുന്ന മലയാള കാവ്യ-സംഗീത ഭാഷാപരിസരത്ത് പ്രവേശം കിട്ടാതിരുന്ന നാടൻശീലുകളും ദ്രാവിഡമായത് എന്ന് തന്നെ വിലയിരുത്താവുന്ന സംഗീതസംസ്കാരത്തിന്റെയും അനുഷ്ഠാനപരിസരത്തിലെയും ഈണവും പ്രയോഗങ്ങളും 'എരിയുംവെയിലത്ത് കൈലും കുത്തിനടക്കുക' തുടങ്ങിയ ശൈലികളും നമുക്കീ പാട്ടിൽ കാണാം.

1954-ൽ പുറത്തിറങ്ങിയ മലയാളചലച്ചിത്രമാണ് നീലക്കുയിൽ. പി. ഭാസ്കരനും രാമുകാര്യാട്ടും ചേർന്ന് സംവിധാനം ചെയ്ത ഈ ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും രചിച്ചത് ഉറൂബ് എഴുതിയ ഒരു കഥയെ ആസ്പദമാക്കി അദ്ദേഹം തന്നെയായിരുന്നു. ഒരു നവ-റിയലിസ്റ്റിക് മെലോഡ്രാമയായിരുന്ന നീലക്കുയിൽ ദലിത്പെൺകുട്ടിയും വിദ്യാസമ്പന്നനും ഉയർന്ന ജാതിയിലുള്ളയാളും തമ്മിലുള്ള ശാരീരികബന്ധവും മറ്റും കേരളീയ ജീവിതപരിസരത്തു നിന്ന് ആദ്യമായി ഭാവനചെയ്യപ്പെട്ട സിനിമ കൂടിയായിരുന്നു. അത് വരെ ഹിന്ദിസിനിമയെ പല വിധത്തിൽ അനുകരിച്ച സിനിമാഭാവനയിലെ സ്കെച്ചും ഡിസൈനും സ്ഥലവും ജീവിതഭാവനയും മറ്റും മലയാളിക്ക് അപരിചിതമോ തനിമാബോധത്തെ സ്പർശിക്കാത്ത വിധം കൃത്രിമത്വം നിറഞ്ഞതോ ആയിരുന്നു എന്നും പറയാം. ഭാഗികമായെങ്കിലും മലയാളസിനിമയിൽ ഔട്ട്ഡോർ രംഗങ്ങൾ പ്രത്യക്ഷപ്പെടുകയും കേരളീയമായ കായലുകളും മറ്റു പ്രകൃതിസാന്നിധ്യവും പ്രേക്ഷകന് ഈ സിനിമ വഴി അനുഭവപ്പെടുകയും ചെയ്തു.

മലയാള സിനിമയുടെ 1938-54 കാലത്തിറങ്ങിയ ബാലൻ മുതൽ നീലക്കുയിൽ വരെയുള്ള 38 സിനിമകളിലെ 468 പാട്ടുകൾക്കുശേഷമാണ് നാട്ടുമൊഴികളുടെ ഈണപ്പെരുക്കത്തിനൊപ്പം പാട്ടിന്റെ ലോകത്തിലെ ആദ്യ മാപ്പിളപ്പാട്ടെത്തിയത്. നീലക്കുയിൽ എന്ന സിനിമയിൽ കോഴിക്കോട്ടെ നാടകനടൻ ബാലകൃഷ്ണമേനോൻ അവതരിപ്പിച്ച, ചായക്കട ബഞ്ചിലിരുന്നു മീൻവല തുന്നുന്ന അബ്ദു എന്ന സൈഡ് കഥാപാത്രമാണ് ഈ പാട്ട് പാടുന്നത്. പാട്ടിൽ അയാളുടെ സാമൂഹിക ചുറ്റുപാടിനു പറ്റിയ പദങ്ങളും ഉപമകളും നാടൻശീലുകളും ഉണ്ടായിരുന്നു. നീലക്കുയിൽ മലയാളിയുടെ

ISSN:2582-550X

നവോത്ഥാനപരിസരത്തെ രൂപപ്പെടുത്താൻ നിർമിച്ച സോദ്ദേശ്യ സിനിമകൂടിയായിരുന്നു എന്നും പറയാം. ശ്രീധരൻ നീലി എന്നീ മുഖ്യകഥാപാത്രങ്ങൾക്കൊപ്പം മുസ്ലിമിനെ ബോധപൂർവം ഈ പ്രക്രിയയുടെ ഭാഗമാക്കാൻ കൂടിയായിരിക്കണം പി ഭാസ്കരനും ഉറൂബും ചേർന്ന് ശ്രമിച്ചത്. കേരളീയജാതിഘടന പ്രതിനിധാനം ചെയ്ത അസമത്വം ആണധികാരഘടന, ബഹിഷ്കരണം തുടങ്ങിയവക്കെതിരായ പ്രതിരോധം കൂടിയായിരുന്നു നീലക്കുയിലിലെ പ്രണയമെങ്കിൽ ഈ ഗാനം ആ സമരത്തിന്റെ പ്രഖ്യാപനത്തോടൊപ്പംതന്നെ ചേർന്ന് നിൽക്കുന്നുണ്ട്. ഈ നവോത്ഥാന പോരാട്ടത്തിൽ മുസ്ലിമിനെയും ഉൾപ്പെടുത്തിയ നവോത്ഥാന പ്രണയത്തിന്റെ ഈ ഇൻക്ലൂസിവ്നെസിൽ അസഹിഷ്ണുത അരങ്ങുവാഴുന്ന വർത്തമാനകാലത്ത് പുതിയ വായന തേടുന്ന ആഴങ്ങളുണ്ട്. പൊതുവെ മുസ്ലിമിന്റെ ജീവിതം പ്രാദേശികമായ കൊണ്ടുകൊടുക്കലുകളുടെയും അയൽപക്കബന്ധങ്ങളുടെയും കച്ചവടബന്ധങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ മതേതരമായ സഹവർത്തിത്തം പുലർത്തിയായിരുന്നല്ലോ രൂപീകരിക്കപ്പെട്ടത്. മലബാറിൽ സവിശേഷമായി ഇത് പ്രത്യക്ഷത്തിൽ തന്നെ ഇന്നും നിലനിൽക്കുന്നുണ്ട്. കുടിയേറ്റ വിഭാഗമായാണ് മലബാറിലേക്ക് കൃസ്ത്യാനികളുടെ വരവുണ്ടായത് എന്നതിനാലോ മറ്റോ അത്തരം ഘട്ടോകൾ ഇവിടെ അധികമില്ല എന്നും പറയാം. എന്തായാലും കേരളനവോത്ഥാന ദേശീയതാഭാവനയിൽ മുസ്ലിമിനെ മാറ്റിനിർത്താൻ സാധ്യമല്ല എന്ന സങ്കല്പം തന്നെയാണ് ഈ സിനിമയിൽ ബോധപൂർവം കൊണ്ട് വരുന്ന ആ കഥാപാത്രവും ആ വിഭാഗത്തിന്റെ സംഗീതകലാവിഷ്കാരവും എന്ന് പറയാം. ഈ പാട്ട് നീലക്കുയിൽ വിളിച്ചോതിയ നവോത്ഥാന രാഷ്ട്രീയത്തിന്റെ അവതരണഗാനം കൂടിയായിരുന്നു. ആലുവാപ്പുഴയോരത്തെ വാടകവീട്ടിൽ പാട്ടുപിറന്ന കഥ അപ്പടി കെ.രാഘവന്റെ 'മധുരമീ ജീവിത'ത്തിലും പി. ഭാസ്കരന്റെ ആത്മകഥയിലുമുണ്ട്. ഹാജി എന്നു വിളിക്കുന്ന കൊച്ചിയിലെ അബ്ദുൽഖാദർ പാടാൻ നിശ്ചയിച്ചിരുന്ന പാട്ട് പിന്നീട് വാഹിനി സ്റ്റുഡിയോയിൽ റെക്കോർഡിങ്ങിനായി ഹാജി പാടിക്കൊണ്ടിരിക്കുമ്പോൾ നിർമാതാവ് പരീക്കുട്ടിയുടെ നിർബന്ധത്തിനുവഴങ്ങി കെ.രാഘവൻ പാടുകയായിരുന്നു. സുന്ദരിയുടെ കണ്ണേറ്, കരളിനുരുളിയിൽ എണ്ണകാച്ചിയ നൊമ്പരം, കയറുപൊട്ടിയ പമ്പരമാകുന്ന കാമുകൻ, അവളുടെ പുരികം വളച്ചുള്ള നോട്ടം ഏറ്റപ്പോൾ കമ്പൊടിഞ്ഞ ശീലക്കുടയുടെ വളഞ്ഞ കമ്പിപോലെ വളയുന്നവൻ, കുടവുമായ് പുഴക്കടവിൽവന്ന്

തടവിലാക്കിയവൾ, സങ്കടപ്പുഴയുടെ തടവിലാക്കുമോ എന്ന ഭയം, ഒടുവിൽ വേറെയാണ് വിചാരമെങ്കിൽ അതു പറയാൻ നേരമായി എന്ന പറച്ചിൽ,... അതുവരെ കേൾക്കാത്ത വടക്കേ മലബാറിലെ നാട്ടിൻപുറത്തെ സാധാരണക്കാരുടെ വാക്കും ഭാഷണവും ഈണവും സിനിമാപ്പാട്ടിലേക്കു വന്നപ്പോൾ അടിസ്ഥാന സ്വത്വമുള്ള സംഗീതസംസ്കാരത്തെ മലയാളി തിരിച്ചറിയാനാരംഭിച്ചതിന്റെ കൊടിയടയാളം കൂടിയായി കായലരികത്ത് അടക്കമുള്ള ഗാനങ്ങൾ. പാട്ടിനുള്ളിലെ മാപ്പിളസ്വത്വത്തിന്റെ ഭാഷ, നൊമ്പരവും പമ്പരവും ചേറും ഹൂറിയും നെയ്ച്ചോറും കമ്പും കമ്പിയും വെയിലും കയിലും അടങ്ങുന്ന സംസ്കാരചിഹ്നങ്ങൾ തുടങ്ങിയവ സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഇക്കാര്യം എളുപ്പം ബോധ്യപ്പെടും.

മാപ്പിളപാട്ട് ഗാനശാഖയ്ക്ക് ഏറ്റവും അധികം സംഭാവനകൾ നൽകിയ കവിയാണ് മോയിൻകുട്ടിവൈദ്യർ. നാൽപ്പത് വയസ്സുവരെ മാത്രമാണ് വൈദ്യർ ജീവിച്ചത്. ധാരാളം കലാസൃഷ്ടികൾ വൈദ്യരുടെതായി മലയാളത്തിനു ലഭിച്ചു. എന്നാൽ അറബിമലയാള ലിപിയിലും അതിന്റെ പരിസരത്തിലും പിറന്നതുകൊണ്ടും ചരിത്രപരമായ നിരവധി കാരണങ്ങളാലും മലയാള മുഖ്യധാരാ സാഹിത്യചരിത്രവിജ്ഞാനീയത്തിലും അക്കാദമിക് വ്യവഹാരങ്ങളിലും ഈ മഹാകവി ഇനിയും വേണ്ടത്ര വിലയിരുത്തപ്പെടുകയും ഉൾക്കൊള്ളിക്കുകയും ചെയ്യപ്പെട്ടിട്ടില്ല എന്നത് വാസ്തവമാണ്. മാപ്പിളപ്പാട്ടുമഹാകവിയായിരുന്ന വൈദ്യർ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്ത് ഓട്ടുപാറ വീട്ടിൽ ഉണ്ണിമമ്മദ് വൈദ്യർ-കുഞ്ഞാമിന ദമ്പതികളുടെ മകനായി 1852-ലാണ് ജനിച്ചത്. അറബി, ഇംഗ്ലീഷ്, പാർസി, തമിഴ്, സംസ്കൃതം, കന്നഡ, ഹിന്ദി, ഉറുദു തുടങ്ങിയ ഭാഷകളിൽ ചെറുപ്രായത്തിൽ തന്നെ പിടിപാടുണ്ടാക്കുകയും പ്രാവിണ്യവും സർഗവൈഭവവും കൊണ്ട് സങ്കരപദപ്രയോഗങ്ങൾ അണിയിച്ചൊരുക്കി ഇശലുകളുടെ ബൃഹത്തായ ലോകം സൃഷ്ടിക്കുകയും ചെയ്തു. ബദർപടപ്പാട്ട്, ബദറുൽമുനീർഹുസ്നുൽജമാൽ, എലിപ്പട, ഒട്ടകത്തിന്റെയും മാനിന്റെയും കഥ, സലാശീൽ, ബൈത്തിലപ്പാട്ട്,, ഹിജ്റ, കിളത്തിമാല, സ്വലീഖാ, ഉഹദ് പടപ്പാട്ട്, മുല്ലപ്പൂഞ്ചോലയിൽ, തീവണ്ടിച്ചിന്ത്, കറാമത്ത്മാല എന്നിവയാണ് പ്രധാന കൃതികൾ.

മോയിൻകുട്ടിവൈദ്യർ അറബിമലയാളത്തിൽ എഴുതിയ ഈ പാട്ടുകാവ്യത്തിന്റെ ശീലുകളിൽ പലതും പിന്നീട് മധുരമൂറുന്ന ഗാനങ്ങളായി മാറിയിട്ടുണ്ട്. മലയാളസിനിമയിലും ഇത്തരം ഗാനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ ഗാനങ്ങളിൽ പലതും

പിന്നീട് ഒപ്പനപ്പാട്ടുകളായും ഉപയോഗിക്കപ്പെട്ടു. പിന്നീടുവന്ന മാപ്പിളപ്പാട്ടുകളിൽ പലതും ഈ പാട്ടുകാവ്യത്തിൻറെ ചുവടുപിടിച്ച് എഴുതപ്പെട്ടവയാണ്. മോയിൻകുട്ടി വൈദ്യരുടെ പ്രണയകാവ്യത്തിന്റെ നാലാം ഇശൽ പൂമകളാണെ ഹുസുനുൽ ജമാൽ പുന്നാരത്താളം മികന്തബീവി എന്നു തുടങ്ങുന്ന ഗാനം ഇക്കൂട്ടത്തിൽ വളരെ പ്രശ്സതമാണ്. ആയിഷ (1964), ഓളവും തീരവും (1970), ഏറനാട് (1973),1 921 (1988), വീരപുത്രൻ (2011), സലാല മൊബൈൽസ് (2014) തുടങ്ങി പല മലയാളസിനിമകളും വൈദ്യരുടെ ഗാനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

തന്റെ ഇരുപതാമത്തെ വയസിലാണ് അദ്ദേഹം അതിപ്രശസ്തമായ ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എഴുതിയത്. പ്രണയം പ്രമേയമായി മാപ്പിളപ്പാട്ടുകൾ വന്നുതുടങ്ങിയത് ഈ കൃതിയോടെയാണ്. ഒരു പേർഷ്യൻ പ്രണയകഥയാണ് ഈ കാവ്യത്തിന് അവലംബം. പിതാവിനെ ധിക്കരിച്ച് കാമുകനെ വരിക്കാൻ ധൈര്യപ്പെടുന്ന കാമുകിയുടെ കഥയാണിത്. ഹിന്ദ് രാജ്യത്തെ മഹാസീൻ രാജാവിന്റെ മകളായ ഹുസ്നുൽജമാലും മന്ത്രിയായ മസാമീരിന്റെ മകൻ ബദറുൽമുനീറും തമ്മിൽ ബദ്ധാനുരാഗത്തിലാകുന്നു. ഇതിൽ അസൂയാലുക്കളായ ജിന്നുകളും മനുഷ്യരുമായ കഥാപാത്രങ്ങൾ ഇവരുടെ പ്രണയത്തിന് വിലങ്ങുതടികൾ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പരീക്ഷണങ്ങളെയും അതിജീവിക്കുന്ന കമിതാക്കൾ ഒടുവിൽ നല്ലവരായ ചില ജിന്നുകളുടെ സഹായത്തോടെ ഒന്നാവുന്നതാണ് ഈ കാവ്യത്തിന്റെ ഇതിവൃത്തം. മലയാള സിനിമയിലെ പ്രത്യക്ഷപ്പെട്ട മോയിൻകുട്ടി വൈദ്യരുടെ ഇശലുകളാണ് ഇനി വിശകലനം ചെയ്യുന്നത്.

1964ൽ വന്ന ആയിഷ എന്ന സിനിമയിലായിരിക്കണം വൈദ്യരുടെ പ്രശസ്തമായ പൂമകളാണേ ഹുസുനുൽ ജമാൽ എന്ന പാട്ട് ആദ്യമായി ഉപയോഗിക്കുന്നത്.

പൂമകളാണേ ഹുസ്നുൽ ജമാൽ
പുന്നാരത്താളം മികന്തെ ബീവി...

(പാട്ടിന്റെ സാരം: ഹുസുനുൽ ജമാൽ എന്ന നായികയെ മഹാകവി വൈദ്യർ വർണിക്കുകയാണ്. പുന്നാരിച്ചു വളർത്തപ്പെട്ട ഹുസ്നുൽ ജമാൽ മികച്ച ചിത്രപണിത്തരമുള്ള ആഭരണങ്ങൾ അണിഞ്ഞിട്ടുണ്ട്. അവളുടെ നടത്തത്തിനു പോലും പുന്നാരത്താളമുണ്ട്. മതകമണി കൊണ്ട് ഞെരിഞ്ഞ വസ്ത്രം ഞെറിഞ്ഞുടുത്ത ബീവി പുരികക്കൊടി കൊണ്ട്

മദാനാർത്തമായ നോട്ടമാണ് നോക്കുന്നത്. പവിഴപുഞ്ചിരി ഉതിരുന്ന അവളുടെ ചുണ്ടും അന്നനടയും ഒക്കെ കണ്ടാൽ ജിന്നുകൾക്ക് പോലും സ്വബോധം നഷ്ടപ്പെടും. എന്നിട്ടല്ലേ മനുഷ്യർ!)

വൈദ്യർ ഇതെഴുതുന്ന കാലം 1872 ആണ്. മലയാളഭാഷയും കവിതയും മണിപ്രവാള പാരമ്പര്യത്തിന്റെ പിടിയിൽ നിന്ന് പൂർണമായി വിട്ടിട്ടില്ല എന്നോർക്കണം. ഒരു പക്ഷെ മലയാളത്തിലെ ആധുനികതയുടെ ലക്ഷണമായ കാല്പനികതയൊക്കെ പ്രത്യക്ഷപ്പെടുന്ന ആദ്യകാവ്യം സി എസ് സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരുവിലാപം (1903) ആയിരിക്കും. മണിപ്രവാളകവികൾ സ്ത്രീശരീരവർണ്ണനയുടെ കാര്യത്തിൽ സകല പരിധിയും കടന്ന് ലൈംഗികാവയവങ്ങൾ വരെ വർണിച്ചു സ്ത്രീയെ അതിനുള്ള ഉപകരണം മാത്രമായി കണ്ട ഘട്ടത്തിലാണ് വൈദ്യർ തന്റെ നായികയെ സമചിത്തത കൈവെടിയാത്ത ശാക്തീകരിക്കപ്പെട്ട സ്ത്രീയായി വർണിക്കുന്നത്. ഇത് തിരിച്ചറിയണമെങ്കിൽ അതേ കാലത്ത് ഭാഷയിൽ പിറന്ന സന്ദേശകാവ്യങ്ങളിലെയും ചമ്പൂക്കളിലെയും മറ്റും വർണന വായിക്കണം. ബദറുൽ മുനീർ കാവ്യത്തിന്റെ ഈണം വടക്കേ മലബാറിലെ നാടൻ കലാരൂപമായ കോതാമൂരിപ്പാട്ടിൽ കാണാം

ആര്യാര് നാട്ടിൽ പിറന്നോരമ്മാ
കോലത്ത് നാട് കിനാ കണ്ടിന്
കോലത്ത് നാട് കിനാകാണുമ്പം
കൊലമുടിമന്നനെ കാണാകുന്നു..

ഈ ഇശലിനോട് സാമ്യമുള്ള ഒരു തിരുവാതിരപ്പാട്ടും ഉണ്ട്..

ചെന്താമരപ്പൂവിൽ പള്ളി കൊള്ളും
വെളുവെളെ മേനി വെളുത്ത പെണ്ണേ
വെൺചന്ദനം കൊണ്ട് പൂശുന്നോളേ
വെള്ളപ്പട്ടാടയുടുക്കുന്നോളേ

ഈ ഇശലിനോട് സാമ്യമുള്ള ഒരു നാടൻ പാട്ട് കൂടി കാണുക.

മോകപ്പെണ്ണൊന്നു തെരണ്ട കാലം
തൊട്ടു കുളിക്കാനൊട്ടെണ്ണയില്ല
പത്തു പണം കൊടുത്തെള്ള് വാങ്ങി
വെയിലത്തിട്ടഞ്ചാറ് വയ്ലടി കൊണ്ടേ...

ഹുസ്നുൽ ജമാലിന്റെ രചനയ്ക്ക് എത്രയോ വർഷം മുമ്പ് പ്രചാരത്തിലിരുന്ന പാട്ട് കൃതി രാമചരിതത്തിൽ 66 ആം വൃത്തത്തിലുള്ള വരികളും ആരംഭ എന്ന ഇശലുമായി സാദൃശ്യം ഉണ്ട്.

ISSN 2582-550X

മറൈന്തിതു വാനവുമാഴ് കടലും
മരങ്കളുമൂഴിയും മാമലൈയും
മൂറിന്തു ചന്ദ്രങ്കൽ പൊഴിന്തുലകം
മൂറങ്കിലാർ വാനങ്കൾ തിഴ്ങ്കി വിണ്ണോർ.

ഈ രീതിയിൽ സൂക്ഷ്മമായി നോക്കിയാൽ ഇവയുടെ താളവും ഈണവുമൊക്കെ കേരളീയ പ്രാദേശികത്വത്തിൽ തന്നെ വേരുറപ്പിക്കുന്നത് കാണാം.

ചീളുന്നോൻ ഞാനല്ല മാനാരോ
ജീവ് - നിക്കുകിൽ വന്നീടും തേനാരോ,
കോളിവചൊല്ലിപ്പിരിന്താരോ - കൂടെ -
തേരകത്തേറി പറന്താരോ
ഇന്ദിരക്കന്നി അളൂതാരോ
ഇന വന്നീടുമോ നാളെമൂത്താരോ
ചിന്തിക്കേണ്ട എന്റെ ചന്നാരോ
ചിന്ത കീറിക്കരയണ്ട കണ്ണാരോ
നാളെ ഇന്നേരത്തു തന്നാരോ
ഞാനും എത്തിടും ഇത്താനം പൂന്നാരോ

ആയിഷ എന്ന സിനിമയിൽ ഉപയോഗിച്ച മോയിൻ കുട്ടി വൈദ്യരുടെ മറ്റൊരു കാവ്യശകലമാണിത്. മലയാളം, തമിഴ്, സംസ്കൃതം, അറബി, പേർഷ്യൻ, തുടങ്ങിയ ഭാഷകളെ കോർത്തിണക്കിയാണ് വൈദ്യർ മാപ്പിളപ്പാട്ട് സാഹിത്യസൃഷ്ടിക്ക് രൂപംനൽകിയത്. മാപ്പിളപ്പാട്ടുകളിൽ നൂറോളം ഇശലുകളുണ്ട്. തൊങ്കൽ, കപ്പപ്പാട്ട്, മിറാജ്, കൊമ്പ് പൂകയിനാർ, ഒപ്പന തുടങ്ങി ഒരു കാവ്യത്തിൽ തന്നെ പല ഇശലുകളും കണ്ടേക്കും. മോയിൻകുട്ടി വൈദ്യരുടെ ബദർ പടപ്പാട്ടിൽ 102ഉം ഉഹദു പടപ്പാട്ടിൽ 109ഉം ബദറുൽമുനീർ ഹുസ്നുൽ ജമാലിൽ 85ഉം മലപ്പുറം പടപ്പാട്ടിൽ 70ഉം ഇശലുകൾ ഉപയോഗിച്ചു. പൂമകളാണെ ഹുസ്നുൽ ജമാൽ എന്ന ഗാനം ചങ്ങമ്പുഴയുടെ രമണനിലെ മലരണിക്കാടുകൾ തിങ്ങി വിങ്ങി എന്ന കവിതയുടെ രീതിയിലും പാടാൻ കഴിയും.

മാപ്പിളക്കവിത താരും തളിരുമണിഞ്ഞ് വികസിതമായത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൈരളിയെ സേവിച്ച മോയിൻകുട്ടി വൈദ്യരുടെ തൂലികാ ചലനത്തോടുകൂടിയായിരുന്നു. വൈദ്യരുടെ ബദർ, ഉഹ്ദ്, സലീഖത്ത്, മലപ്പുറം എന്നീ സമരകാവ്യങ്ങളും ഹിജ്റ: ചരിത്രകാവ്യവും ബദ്റുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന പ്രണയകാവ്യവും അദ്ദേഹത്തെ മലയാള സാഹിത്യത്തിലെ ഉന്നതമായ മഹാകവികളുടെ ശ്രേണിയിലേക്ക്

ഉയർത്തിയിരിക്കുന്നു. (പി.കെ. ഗോപാലകൃഷ്ണൻ 1974). മാപ്പിള സാഹിത്യത്തിനും അതുവഴി മലയാള സാഹിത്യത്തിനും അത്ഭുതകരമായ സംഭാവന നൽകിയ കവി എന്ന നിലക്ക് മോയിൻകുട്ടി വൈദ്യർ നമ്മുടെ സാഹിത്യ ചരിത്രത്തിൽ അത്യുന്നത സ്ഥാനം അർഹിക്കുന്നുണ്ട്. ശബ്ദപ്രയോഗചാതുരിയിലും രസാവിഷ്കരണത്തിലും കവി അത്ഭുതവിദ്യ പ്രകാശിപ്പിച്ചുകൊണ്ട് ആദ്യന്തം അനുവാചകനെ ആനന്ദനൃത്തം ചെയ്യിക്കുന്നു. ശൃംഗാരരസം വർണിക്കുന്നതിൽ ചെറുശ്ശേരിക്കുണ്ടായിരുന്ന വൈദഗ്ധ്യം വൈദ്യർക്കുമുണ്ട്. ശൃംഗാരം, വീരം, അത്ഭുതം, ഹാസ്യാദി എല്ലാ രസങ്ങളും നല്ല വിരുതോടെ കൈകാര്യം ചെയ്യുന്നതിൽ വൈദ്യർ പ്രകടിപ്പിച്ചിട്ടുള്ള സാമർത്ഥ്യം രസിക ജനങ്ങളെ അത്ഭുതപ്പെടുത്തുന്നു എന്ന് ശൂരനാട് കുഞ്ഞൻപിള്ള സാക്ഷ്യപ്പെടുത്തുന്നു.

മലയാളത്തിൽ കാൽപനികത ആരംഭിച്ചത് കുമാരനാശാനിലും സുബ്രഹ്മണ്യൻ പോറ്റിയിലും ഒക്കെയാണെന്നാണ് സാഹിത്യചരിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. പക്ഷേ, കാൽപനികതയുടെ ആരംഭം മോയിൻകുട്ടി വൈദ്യരിൽ നിന്നാണ്. അതുവരെയുള്ള മാപ്പിള പാരമ്പര്യത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു വൈദ്യരുടെ രീതി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മാപ്പിളപ്പാട്ട് രംഗത്ത് നൂതന ചിന്താപ്രകാശം പ്രസരിപ്പിച്ച വ്യക്തിയായിരുന്നു മഹാകവി മോയിൻകുട്ടി വൈദ്യർ. ബദ്ർ, ഉഹ്ദ്, മലപ്പുറം, എന്നീ സമരകാവ്യങ്ങളും ഒരു പ്രണയകഥയെ അധികരിച്ചുള്ള ബദ്റുൽ മുനീറും ഹിജ്റത്തുന്നബി എന്ന ചരിത്രകൃതിയും വൈദ്യരിൽ നിന്ന് ഭാഷാ സാഹിത്യത്തിനു ലഭിച്ച അനർഘ സംഭാവനകളാണ്. എണ്ണത്തിലും മൂല്യത്തിലും അത്തരം സംഭാവനകൾ ചെയ്യാനോ കവനകലയിൽ അദ്ദേഹം ആരോഹണം ചെയ്ത ഉന്നത ശിഖരത്തിന്റെ താഴ്വാരത്തിൽ പോലും എത്താനോ മറ്റൊരു മാപ്പിളക്കവിക്കും സാധിച്ചിട്ടില്ല എന്ന് ടി ഉബൈദ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പൂക്കളിൽ റാണിയായി പൂത്തുനിൽക്കുന്നോളേ
കാത്തിരുന്ന് കാത്തിരുന്ന് കാൽ തരിച്ചുപോയി
കണ്മണിയെ കാണുവാനായി കൺ കൊതിച്ചുപോയി
കണ്ണുകളാൽ ഖൽബുകളിൽ കല്ലെറിയുന്നോളേ
അന്നൊരുനാളമ്പിളി മാൻ വമ്പനായി വന്നു
വന്നുനിന്നെ കണ്ടതോടെ അമ്പരന്നു നിന്നു
കണ്ണുകളാൽ ഖൽബുകളിൽ കല്ലെറിയുന്നോളെ (ബാല്യകാലസഖി)

ISSN 2582-55..

ചന്ദ്രൻ അഹങ്കാരത്തോടെ മാനത്ത് പ്രത്യക്ഷപ്പെട്ട് നിന്നു കണ്ടപ്പോൾ ഹോ ഇനി ഞാനാര് എന്ന അമ്പരപ്പോടെ നിന്നു എന്നാണ് ഈ ശീലിൽ വർണ്ണിക്കുന്നത്'. ഈ പാട്ടിൽ മോയിൻകുട്ടി വൈദ്യരുടെ കാവ്യശൈലിയുടെ സ്വാധീനം കാണാം. ഇക്കാര്യം ഭാഷാശാസ്ത്രകാരരും വൈയാകരണന്മാരും കൂടുതൽ അന്വേഷണങ്ങൾക്കും ഗവേഷണത്തിനും വിധേയമാക്കേണ്ട കാര്യമാണ് എന്നുമാത്രം ഈ പ്രബന്ധത്തിൽ സൂചിപ്പിക്കുന്നു.1973 ഇൽ ഇറങ്ങിയ മരം എന്ന സിനിമയിലെ,

പതിനാലാം രാവുദിച്ചത് മാനത്തോ
കല്ലായിക്കടവത്തോ
പനിനീരിൻ പൂ വിരിഞ്ഞത്

മുറ്റത്തോ - കണ്ണാടി കവിളത്തോ എന്ന പാട്ടിലും മൊഞ്ചത്തിപ്പെണ്ണേ നിൻ ചുണ്ട് എന്ന് തുടങ്ങുന്ന പാട്ടുകളും മറ്റും യൂസഫലി കേച്ചേരി മോയിൻകുട്ടി വൈദ്യരുടെ ഇശലുകൾ പരിഷ്കരിച്ചതാണോ എന്നുപോലും തോന്നും. വൈക്കം മുഹമ്മദ് ബഷീർ ബാല്യകാല സഖി എന്ന നോവലിലും ഇതേ ഛായയിൽ ഉള്ള ഒരു ഇശൽ കാണാം.

1970 ഇൽ വന്ന മലയാളസിനിമയിലെ ഒരു ബൈനറി എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന ആദ്യത്തെ മുഴുനീള ഔട്ട്ഡോർ സിനിമയായ ഓളവും തീരവും മുഖ്യപ്രമേയമാക്കിയത് കേരള മുസ്ലീം ജീവിത പരിസരമായിരുന്നു. അതിൽ ഉപയോഗിക്കപ്പെട്ട വൈദ്യരുടെ കാവ്യശകലങ്ങളാണ് ഈ ഭാഗത്ത് വിശദീകരിക്കുന്നത്.

ഒയ്യെ എനിക്കുണ്ട് പയ്യല് പിറായത്തിൽ
ഒത്തൊരുമിത്തു കളിത്തും കൊണ്ട് - ഒരുവൻ
ഉറ്റൊരു വാക്ക് ഞാൻ തെറ്റിടാതെ
അയ്യവൻ നാമത്തെ മൊയ്യും സൈനുത്തുജാർ
ആമെ യെൻ നാമം നജീമത്തെന്നും - ഞങ്ങൾ-
ക്കാശയും വൻ വിശുവാസം തന്നിൽ

ഒയ്യേ എനിക്കുമുണ്ടായിരുന്നു പൈതൽ കാലത്ത് ബാല്യകാലസഖിയുമായി കളിച്ചു നടന്നിരുന്ന ഒരുകാലം। അവരെ സ്നേഹിച്ചും അവൻ പറയുന്ന ഒരുവാക്ക് പോലും തെറ്റിക്കാതെയും കഴിഞ്ഞ കാലം। ബദറുൽമുനീറും നജീമത്തും കണ്ടുമുട്ടുകയും അവർ തങ്ങളുടെ ബാല്യകാലവും പ്രിയപ്പെട്ട സഖികളെയും പരസ്പരം പരിചയപ്പെടുത്തുകയും ചെയ്യുന്ന വൈദ്യരുടെ കാവ്യത്തിലെ സന്ദർഭം സിനിമയിലേക്ക് എടുത്തു ചേർക്കുകയായിരുന്നു. ഓളവും തീരവും എന്ന എം ടി വാസുദേവൻ നായർ എഴുതിയ കഥ അന്യേരം

തന്നെ സിനിമക്ക് വേണ്ടി എഴുതി. 1970 ഫെബ്രുവരി 27-നാണ് ഈ സിനിമ റിലീസായത്. എം.ടി., പി.എൻ. മേനോൻ, പി.എ. ബക്കർ തുടങ്ങിയവരായിരുന്നു പിന്നിൽ. പി ഭാസ്കരൻ എഴുതിയ നാലു ഗാനങ്ങൾക്ക് സംഗീതം പകർന്നത് ബാബുരാജ് ആണ്. യേശുദാസ്, പി ലീല, മച്ചാട്ട് വാസന്തി, സി എ അബൂബക്കർ , എസ് ജാനകി എന്നിവരായിരുന്നു പിന്നണിഗായകർ. മരിച്ചു പോയ ചങ്ങാതി അബ്ദുവിന്റെ മയ്യത്ത് ഏല്പിക്കാനായി വാഴക്കടവത്ത് എത്തുന്ന ബാപ്പുട്ടി ബീവാത്തുമ്മയുടെ മകൾ നബീസുവിനെ നിക്കാഹ് ചെയ്യാനുള്ള പണം സമ്പാദിക്കാനായി പോയപ്പോൾ പുതുപ്പണക്കാരൻ കുഞ്ഞാലിയുടെ വരവും അയാൾ നബീസുവിനെ ലൈംഗികാതിക്രമം ചെയ്യുന്നതുമാണ് സിനിമയുടെ ഇതിവൃത്തം. പൂർണ്ണമായും സ്റ്റുഡിയോയ്ക്കു പുറത്ത് (ഔട്ട്ഡോറിൽ) ചിത്രീകരിച്ച ആദ്യ മലയാളചിത്രമെന്നനിലയ്ക്ക് മലയാള സിനിമയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഓളവും തീരവും എന്ന ചിത്രം. ലഭ്യമായ വെളിച്ചം ഉപയോഗിച്ച് കറുപ്പിലും വെളുപ്പിലും കിട്ടാവുന്ന എല്ലാ ടോണുകളും ഉൾക്കൊള്ളിച്ചായിരുന്നു ഈ ചിത്രത്തിലെ ഫ്രെയിമുകൾ രൂപകല്പന ചെയ്തതും ചിത്രീകരിച്ചതും. ഈ സിനിമയിൽ വൈദ്യരുടെ ഇശലിന് ബാബുരാജ് ഈണം നൽകിയിട്ടുണ്ട്.

കണ്ടാറക്കട്ടുമ്മേൽ ബെണ്ടരുള<br>
തഖ്ത്തൊണ്ടതിലുണ്ടാനെ - ഒരുത്തി<br>
കഹനിലുദിച്ച ഖമർ പോൽ മുഖം കത്തി<br>
ലെങ്കി മറിന്താനേ<br>
കിണ്ടി കിലശം ഇരിപ്പോ നൽ ചെപ്പോ<br>
മതിപ്പോ ഉറപ്പാനേ - നൽ കുഞ്ഞി<br>
കിണ്ണമോ കണ്ണാടി കട്ടി മശിയിട്ട<br>
ബട്ട മൂലയാണേ ബട്ട മൂലയാണേ

ബദറുൽമുനീർ ഹുസ്നുൽ ജമാലിലെ തന്നെ മറ്റൊരു ഭാഗവും ഇതേ സിനിമയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

തടകി മണത്തെ സമയത്തിൽ<br>
ഉടനവനെത്തി മനസ്സുള്ളിൽ<br>
സരസിജ മുത്തേ മധുരത്തേൻ<br>
ഹുസനുൾ ജമാലാ

ബദറുൽമുനീർ ,ഹുസ്നുൽജമാൽ കാവ്യത്തിലെ ഇശലുകളാണിവ. കാമിനികളായിരുന്ന ബദറുൽമുനീറിനും ഹുസുനുൽജമാലിനും സന്ദർഭവശാൽ വേർപെടേണ്ടി വരുന്നു. ഹുസ്നുൽ ജമാൽ പുറപ്പെട്ടുപോയതിനു പിറ്റേന്നാൾ ബദറുൽമുനീർ

ISSN 2582-55

മോചിതനായി. അവൻ തന്റെ പ്രിയതമയെ അന്വേഷിച്ചു പുറപ്പെട്ടു. പല പല ദേശങ്ങൾ താണ്ടി മലമുകളിലുള്ള ഒരു മാളികയിൽ എത്തുകയും അവിടെ ശദ്ദാദ് എന്ന ഭൂതത്തിന്റെ പിടിയിലകപ്പെടുകയും ചെയ്തു. സ്വന്തം കാമുകനെക്കുറിച്ചോർത്ത് വ്യസനിച്ചു കഴിയുന്ന നജ്മത്ത് എന്ന മനുഷ്യയുവതിയെ കണ്ടു. ശദ്ദാദ് ന യുവതികളെക്കൂടി അവിടെ അവളെ പാർപ്പിച്ചിട്ടുണ്ടായിരുന്നു. നജ്മത്തിനെ കണ്ടും അവളുടെ വർത്തമാനം കേട്ടും ബദറുൽമുനീർ മയങ്ങിപ്പോയി. അപ്പോൾ ശദ്ദാദ് അവിടെയെത്തി. ഉറങ്ങിക്കിടക്കുന്ന മുനീറിനെ കണ്ടു. അവൻ ഇവിടെ എങ്ങനെയെത്തി എന്ന് ആശ്ചര്യപ്പെട്ടു മുനീറിനെ തൂക്കിയെടുത്ത് പുറത്തേക്കെറിഞ്ഞു. ഈ ഇശലിൽ ബദറുൽ മുനീറും നജ്മത്തും കാണുന്ന സന്ദർഭമാണ് മോയിൻകുട്ടി വൈദ്യർ വർണ്ണിക്കുന്നത്.

ആ കട്ടിലിൽ അവൻ കണ്ടു. വെണ്മുത്തുകൊണ്ടുണ്ടാക്കിയ കട്ടിലിൽ ആകാശത്തുദിച്ച ചന്ദ്രനെപോലെ മുഖം കത്തി ലെങ്കിമറിയുന്ന ഒരു സുന്ദരി! വണ്ടിന്റെ നിറമൊത്ത കറുപ്പ് മുടിക്കെട്ടും വില്ലുകുലക്കുന്ന പുരികങ്ങളും പവിഴച്ചുണ്ടും മൂക്കും വൃത്താകൃതിയിൽ ഉള്ള ചെപ്പ് പോലുള്ള മുലകളും! പൊന്നിന്റെ കിണ്ടിയോ ചെപ്പോ എന്നുറപ്പിക്കാൻ വയ്യ. മുലകളുടെ അടിഭാഗത്തിൽ കട്ടികണ്മഷികൊണ്ടുരുട്ടിയ പോലെ മുലക്കണ്ണുകൾ ഈ സുന്ദരി മാത്രമല്ല! നാല്പതോളം പെണ്ണുങ്ങൾ ഇവൾക്ക് ചുറ്റുമുണ്ട്! ചെങ്കതിർ പോലുള്ള മോതിരമുള്ള കൈവിരൽ മലർന്നുകിടക്കുന്ന അവളുടെ കൈ വെച്ചിരിക്കുന്നത് ഒന്ന് വയറിൻമേലും രണ്ടാമത്തേത് രണ്ടുകാലുകൾക്കിടയിലും! അത് കണ്ട് അവന്റെ ഉള്ളിൽ മദനക്കടൽ തിളച്ചുമറിഞ്ഞു. ബദറുൽ മുനീർ അകപ്പെട്ടത് ഹുസ്നുൽ ജമാലിനെ ഒക്കെ മറന്നുപോകുന്ന അവസ്ഥയിലാണ്. അവൻ ആ സൗന്ദര്യധാമത്തിന്റെ മുലകളും മറ്റും തടവി മണത്ത് അറിയാതെ ഉടലിൽ മുഴുവൻ മുത്തം വെച്ച് മയങ്ങി പോയത്രേ! ഈ പാട്ടിനു പുറമെ വൈദ്യരുടെ തന്നെ ചിത്തിരത്തോ ലെ എന്നൊരു കാവ്യശകലവും ബിറ്റ് ആയി ഈ സിനിമയിൽ ഉപയോഗിച്ചിരുന്നു.

1988 ഇൽ പുറത്തിറങ്ങിയ മലബാർ ലഹളയുമായി ബന്ധപ്പെട്ട് വന്ന പ്രശസ്തമായ സിനിമയായ 1921 ഇൽ ഉള്ള,

മുത്തു നവരത്ന മുഖം കത്തിടും മയിലാളേ
മൊഞ്ചൊളിവില് തഞ്ചമേറും കഞ്ചകപ്പൂമോളേ
ചിത്തിരം കൊത്തി മറിയും ചെമ്പകച്ചുണ്ടും ചിരിയും
ഉത്തമ മലർചിരിയും സൂക്ഷ്മമിൽ പലക്കുറിയും

കണ്ട് മോഹിച്ച് സംഗതി കൊണ്ടു ദാഹിച്ച്
എൻ മലരേ നമ്മളെല്ലാം രാജിയക്കാരല്ലേ
എന്നൊരു വിചാരവും സന്തോഷവും നിക്കില്ലേ
ഇമ്മധുര തേൻ കുടിപ്പാൻ ഒത്തവൻ ഞാനല്ലേ
ഏറിയ നാളായി പൂതി വെച്ചിടുന്നു മുല്ലേ .....

എന്ന പാട്ടിലൂടെ മലയാളക്കര മുഴുവൻ മോയിൻകുട്ടി വൈദ്യരെ കേട്ടു എന്ന് തന്നെ പറയാം. സിനിമയിൽ ഈ ഇശൽ ഉപയോഗിച്ചപ്പോൾ വളരെ നേരിയ ചില വ്യത്യാസങ്ങൾ വരുത്തിയായിരിക്കും ഉപയോഗിച്ചത്. ഉദാഹരണത്തിന് സൂക്ഷ്മം എന്ന് വൈദ്യർ എഴുതില്ല. അദ്ദേഹം ദ്രാവിഡമായ പ്രയോഗങ്ങൾ ആണ് എഴുതുക. ഉദാ: തുച്മം. മൊഞ്ചൊളിവിൽ സൗന്ദര്യം കൊണ്ട് കാര്യം കൈക്കലാക്കുന്ന ഹൂറിയെ ആണ് ഇവിടെ വർണിക്കുന്നത്. കഞ്ചകം (തൃത്തപ്പൂവ്), തഞ്ചം തുടങ്ങിയപ്രാസം ഒപ്പിക്കാൻ വേണ്ടി സ്വീകരിച്ച കോശിമങ്ങൾ വ്യാകരണ-ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ കൂടുതൽ അന്വേഷണം ആവശ്യപ്പെടുന്നുണ്ട്. ഒറ്റയൊറ്റ കെസ്സ് പാട്ടുകളുടെ ഗണത്തിൽ ആണ് ഈ പാട്ട് പെടുത്താനാവുക. ഹുസുനുൽജമാൽകാവ്യം പോലെ ഒരു മുഴുകാവ്യരചനയുടെ ഭാഗമായി വന്നതല്ല ഈ ഇശൽ എന്ന് ചുരുക്കം. ഇതേപോലുള്ള കെസ്സുപാട്ടുകൾ വേറെയും വൈദ്യരുടെതായിട്ടുണ്ട്. പൊതുവെ മാപ്പിളപ്പാട്ടുകൾ സ്ത്രീവർണ്ണനയുടെ കാര്യത്തിൽ അതിർത്തികൾ ലംഘിക്കുന്നു എന്നത് ആധുനികമായ ഫെമിനിസ്റ്റ് യുക്തികൾ ആലോചിക്കുമ്പോൾ തോന്നാം. എന്നാൽ നേരത്തെ സൂചിപ്പിച്ച വിധം മണിപ്രവാളകാലത്തെ ഭാവുകത്വം പരിഗണിച്ചു മാത്രമേ നമുക്ക് മോയിൻ കുട്ടിവൈദ്യരെ വിലയിരുത്താൻ പറ്റൂ. മാപ്പിളപ്പാട്ടുകൾ ആദ്യകാലം മുതൽ തന്നെ പ്രണയം ശരീരകാമനകൾ ആൺപെൺബന്ധം തുടങ്ങിയവയെ തുറന്ന മനസോടെയാണ് അഭിമുഖീകരിച്ചത്. ഇവിടെ എടുത്തുചേർക്കുന്ന ഇതേ സിനിമയിലെ ഈ പാട്ടു കൂടി ശ്രദ്ധിക്കുക.

മണത്ത് മാരൻ അണയുംകളെ
ഹുസുനുൽ ജമാൽ വൊളുകൈ....

വീരപുത്രൻ എന്ന സിനിമയിലാണ് (പി ടി കുഞ്ഞുമുഹമ്മദ് ) വൈദ്യരുടെ ബദർപടപ്പാട്ടിലെ ഈ വരികൾ ചേർത്തത്. ഇസ്ലാമിലെ ആദ്യയുദ്ധമായ ഖുറൈശികളുമായുള്ള ബദർയുദ്ധത്തിനു വേണ്ടി പ്രവാചകൻ മുഹമ്മദിന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരുങ്ങിപ്പുറപ്പാടാണ് വൈദ്യർ തന്റെ കൃതിയിൽ വർണിക്കുന്ന രംഗമാണ്

വീരപുത്രനിൽ എടുത്ത് ചേർത്തത്.

തുടരെ മദ്ദളവും മുരശൊട്
മരുവ ഒറ്റകളും ബജയൊട്
ദുടികൾ ദഫുകളും കൈമണി
ദുനികൾ താശകളാൽ...

മലയാളസിനിമയിൽ മാപ്പിളപ്പാട്ടും മുസ്ലിംജീവിതവും അടയാളപ്പെട്ടതിന്റെ ആരംഭകാലചരിത്രവും മഹാകവി മോയിൻകുട്ടിവൈദ്യരുടെ ഇശലുകൾ മലയാളസിനിമയിൽ എത്രത്തോളം ഉപയോഗപ്പെടുത്തി എന്നതും സാമാന്യമായി വിശദീകരിക്കാനാണ് ശ്രമിച്ചത്. ആദ്യത്തെ ലക്ഷണമൊത്ത മലയാളസിനിമ എന്ന് വിശേഷിപ്പിക്കാവുന്ന നീലക്കുയിൽ മുതൽ തന്നെ മാപ്പിളപ്പാട്ടുകൾ ബോധപൂർവം തന്നെ മലയാളസിനിമയിൽ കൂട്ടിച്ചേർക്കപ്പെട്ടെങ്കിലും മലയാളചലച്ചിത്രഗാന ചരിത്രരചനകളിലും മറ്റും ഇക്കാര്യം അധികം പരാമർശിച്ചു കണ്ടിട്ടില്ല. മോയിൻകുട്ടി വൈദ്യർ തന്റെ ജീവിതകാലത്ത് നിലനിന്നിരുന്ന മലയാളഭാഷയിലും അറബിമലയാളത്തിൽ നിലനിന്ന ഒരു തരം സങ്കരഭാഷാരീതിയിലും രാമചരിതം പോലെയുള്ള പഴയപാട്ടുകൃതികളോട് ചായ്‌വുള്ള ഭാഷയിലും കാവ്യം രചിച്ചിരുന്നു. എന്നാൽ ലിപി അറബിമലയാളമായതിനാലോ പേർഷ്യൻ മുതലായ ഭാഷകളിലെ പദങ്ങളും മറ്റും ഉപയോഗിച്ചതിനാലോ മുഖ്യധാരാസാഹിത്യ ചരിത്രവിജ്ഞാനീയങ്ങൾ അവയ്ക്ക് വേണ്ടത്ര പരിഗണന നൽകുകയുണ്ടായില്ല എന്ന് വേണം പറയാൻ.

## റഫറൻസ്


ഉബൈദ് ടി. കവിസാമ്രാട്ട് മോയിൻ കുട്ടി വൈദ്യർ. ടി ഉബൈദ് പ്രേക്ഷിപ്പനങ്ങൾ ഓർമ്മകൾ. കൊണ്ടോട്ടി: മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി.

ഗോപാലകൃഷ്ണൻ പി.കെ.1974. കേരളത്തിന്റെ സാംസ്കാരികചരിത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഭാസ്കരൻ പി. 2015. കോഴിക്കോട്: ആത്മകഥ മാതൃഭൂമി ബുക്സ്.

രാഘവൻ. കെ. 2003. മധുരമീ ജീവിതം. കോട്ടയം: ഡിസി ബുക്സ്.

ശൂരനാട് കുഞ്ഞൻപിള്ള. 1940. യാത്രക്കാരുടെ കണ്ണിലെ മലബാർ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1940 പേജ്: 300

ചലച്ചിത്ര സംഗീതത്തിന്റെ 50 വർഷം. 1994. ചിത്രഗാനസ്മരണിക, മലയാള ഫിലിം മ്യൂസിക് അസോസിയേഷൻ.

https://www.manoramaonline.com/music/columns/karalil-virinja-pookkal/2017/11/02/kayalarikathu-valakilukkiya-sundari-song-article.html.

മലയാളസംഗീത വിജ്ഞാനകോശം. http://malayalasangeetham.blogspot.com/2015/12/blog-post.html.

മുഹമ്മദ്റാഫി എൻ.വി
അസി. പ്രൊഫസർ
സാഹിത്യപഠനസ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
വാക്കാട് പി.ഒ
പിൻ: 676502
ഫോൺ; +91 9447275854
email: rafinaduvannoor@gmail.com